# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2678 — 17.06.2019-ൽ മറുപടിയ്ക്ക്.

## പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായി വരുന്ന പാലിന്റെ അളവെത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായ പാലിന്റെ അളവ് ജനസംഖ്യാടിസ്ഥാനത്തിൽ ഏകദേശം 87 ലക്ഷം ലിറ്ററാണെന്ന് കണക്കാക്കപ്പെടുന്നു. |
| (ബി) ഒരു ദിവസം ആവശ്യമായി വരുന്ന പാലിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; | (ബി) സംസ്ഥാനത്ത് പാലിന്റെ ആവശ്യകതയുടെ ഏകദേശം 80 ശതമാനത്തിന് മുകളിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കപ്പെടുന്നു. |
| (സി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) കേരളത്തിലേക്ക് പ്രധാനമായും തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നാണ് പാൽ കൊണ്ടുവരുന്നത്. |
| (ഡി) വേനൽക്കാലത്ത് പാലുൽപ്പാദനത്തിൽ എത്ര കുറവുണ്ടായി എന്നറിയിക്കുമോ; | (ഡി) ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം ശരാശരി 18.64 ലക്ഷം ലിറ്റർ പാലാണ് സംഭരിക്കുന്നത്. വേനൽക്കാലത്ത് പാൽ സംഭരണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല.<br>മിൽമയുടെ മലബാർ മേഖല യൂണിയനിൽ 5% വർദ്ധനവാണുണ്ടായത്. എറണാകുളം മേഖല യൂണിയനിൽ 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രതിദിനം ഏകദേശം 10000 ലിറ്റർ പാൽ മാത്രമാണ് കുറവുണ്ടായത്. തിരുവനന്തപുരം മേഖല യൂണിയനിൽ 1000 ലിറ്റർ പാലിന്റെ വർദ്ധനവാണുണ്ടായത്. |
| (ഇ) സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ മുഖേന കഴിഞ്ഞ മൂന്ന് വർഷം ഉണ്ടായ പാലുൽപ്പാദന വർദ്ധന സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; | (ഇ) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ മുഖേന പാൽ ഉൽപാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച ശരാശരി പ്രതിദിന പാൽ സംഭരണം ചുവടെ ചേർക്കുന്നു. |

| ക്രമ നം | വർഷം | പ്രതിദിന പാൽ സംഭരണം (ശരാശരി) |
|---|---|---|
| 1 | 2016-17 | 16.27 ലക്ഷം ലിറ്റർ |
| 2 | 2017-18 | 18.14 ലക്ഷം ലിറ്റർ |
| 3 | 2018-19 | 18.64 ലക്ഷം ലിറ്റർ |

(എഫ്) സംസ്ഥാനം എപ്പോൾ മുതൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(എഫ്) 2018 ഡിസംബറിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 2018-ൽ ഉണ്ടായ പ്രളയം ഈ മേഖലയ്ക്ക് കനത്ത ആഘാതമാണ് സൃഷ്ടിച്ചത്. പുനരധിവാസ പ്രവർത്തനങ്ങൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. 2020 മദ്ധ്യത്തോടുകൂടി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

**സെക്ഷൻ ഓഫീസർ**